| 19-08-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - തന്റെ സ്വധർമ്മത്തെ മറക്കുക തന്നെയാണ് ഏറ്റവും വലിയ മറവി, ഇപ്പോൾ നിങ്ങൾക്ക് മറവിയില്ലാത്തവരായി മാറണം, തന്റെ വീടിനെയും രാജ്യത്തെയും ഓർമ്മിക്കണം.**

**ചോദ്യം -** താങ്കൾ കുട്ടികളുടെ ഏതൊരു അവസ്ഥയാണ് സമയത്തിന്റെ സമീപതയുടെ അടയാളം?
**ഉത്തരം -** താങ്കൾ കുട്ടികൾ എപ്പോഴാണോ ഓർമ്മയുടെ യാത്രയിൽ സദാ മുഴുകിയിരിക്കുന്നത്, ബുദ്ധിയുടെ അലച്ചിൽ അവസാനിക്കുന്നത്, വാക്കുകളിൽ ഓർമ്മയുടെ ബലം വരുന്നത്, അളവറ്റ സന്തോഷത്തിലിരിക്കുന്നത്, ഇടക്കിടക്ക് തന്റെ സത്യയുഗീ ലോകത്തിന്റെ കാഴ്ചകൾ മുന്നിൽ വന്നുകൊണ്ടേയിരിക്കുന്നത് അപ്പോൾ മനസ്സിലാക്കൂ സമയം സമീപത്താണ്, വിനാശത്തിന് സമയമെടുക്കുന്നില്ല, ഇതിന് വേണ്ടി ഓർമ്മയുടെ ചാർട്ട് വർദ്ധിപ്പിക്കണം.

**ഗീതം -** അങ്ങയെ ലഭിച്ചപ്പോൾ ഞങ്ങൾക്ക് മുഴുവൻ ലോകത്തെയും ലഭിച്ചു........

**ഓം ശാന്തി**. ആത്മീയ കുട്ടികൾ ഈ ഗീതത്തിന്റെ അർത്ഥം മനസ്സിലാക്കുന്നുണ്ടായിരിക്കും. ഇപ്പോൾ പരിധിയില്ലാത്ത അച്ഛനെ പ്രാപ്തമാക്കിക്കഴിഞ്ഞു. പരിധിയില്ലാത്ത ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു, ആ സമ്പത്തിനെ ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല. എപ്പോഴാണോ രാവണ രാജ്യം തുടങ്ങുന്നത് അപ്പോൾ സമ്പത്തിന്റെ ലഹരി പോകുന്നു, ഇതും ഡ്രാമയാണ്. കുട്ടികൾക്ക് സൃഷ്ടിയാകുന്ന നാടകത്തിന്റെയും ജ്ഞാനമുണ്ട്. ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഇതിനെ നാടകമെന്നും പറയാം, ഡ്രാമയെന്നും പറയാം. കുട്ടികൾ മനസ്സിലാക്കുന്നു വാസ്തവത്തിൽ ബാബ വന്ന് സൃഷ്ടിയുടെ ചക്രത്തെക്കുറിച്ച് മനസ്സിലാക്കിത്തരുന്നു. ആരാണോ ബ്രാഹ്മണ കുലത്തിലുള്ളത്, അവർക്ക് തന്നെയാണ് മനസ്സിലാക്കി കൊടുക്കുന്നത്. കുട്ടികളേ നിങ്ങൾക്ക് തന്റെ ജന്മങ്ങളെക്കുറിച്ച് അറിയില്ല, ഞാൻ നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ്. ആദ്യം നിങ്ങൾ കേട്ടിരുന്നു, 84 ലക്ഷം ജന്മങ്ങൾ എടുത്തതിന് ശേഷം പിന്നീട് ഒരു മനുഷ്യജന്മം ലഭിക്കുന്നു. അങ്ങനെയല്ല. ഇപ്പോൾ നിങ്ങൾ എല്ലാ ആത്മാക്കളും നമ്പർവൈസായാണ് വരുന്നതും പോകുന്നതും. ബുദ്ധിയിൽ വന്നു കഴിഞ്ഞു ആദ്യം നമ്മൾ ആദിസനാതന ദേവീ ദേവതാ ധർമ്മത്തിലെ പൂജ്യരായിരുന്നു, പിന്നീട് നമ്മൾ തന്നെയാണ് പൂജാരിയായി മാറിയത്. നിങ്ങളുടേത് തന്നെയാണ് ഈ എല്ലാ രൂപങ്ങളും. ഒരുപാട് മതങ്ങളും അഭിപ്രായങ്ങളുമുണ്ടല്ലോ. നിങ്ങളിപ്പോൾ ശ്രീമതത്തിലൂടെ നടക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ വിദ്യാർത്ഥികൾ ആദ്യം ഒന്നും അറിയാത്തവരായിരുന്നു. പിന്നീട് പഠിച്ച് ഉയർന്ന പരീക്ഷ പാസായികൊണ്ടേയിരിക്കുന്നു. ആ വിദ്യാർത്ഥികൾക്കും തുടക്കത്തിൽ ഒന്നും അറിയുന്നില്ല, പിന്നീട് പരീക്ഷ പാസായി പാസായി മനസ്സിലാക്കുന്നു ഇപ്പോൾ നമ്മൾ വക്കീൽ ഭാഗം പാസായിരിക്കുകയാണ്. നിങ്ങൾക്കുമിപ്പോൾ അറിയാം - നമ്മൾ പഠിച്ച് മനുഷ്യനിൽ നിന്ന് ദേവതയായി മാറുകയാണ്. അതും വിശ്വത്തിലെ അധികാരികൾ. അവിടെയാണെങ്കിൽ ഒരു ധർമ്മമാണ്, ഒരു രാജ്യം. അവിടെ നിങ്ങൾക്ക് പവിത്രത-ശാന്തി-സുഖം-സമ്പത്ത് എല്ലാമുണ്ട്. ഗീതത്തിലും കേട്ടില്ലേ. ഈ ഗീതം നിങ്ങളല്ല ഉണ്ടാക്കിയത്. അനായാസമായി ഡ്രാമയനുസരിച്ച് ഈ സമയത്തേക്ക് വേണ്ടി ഇത് ഉണ്ടാക്കിയിരിക്കുകയാണ്. മനുഷ്യരാൽ ഉണ്ടാക്കിയ ഗീതങ്ങളുടെ അർത്ഥം ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ ഇവിടെ ശാന്തിയിലിരുന്ന് ബാബയിൽ നിന്നും, ഏതാണോ ആർക്കും തട്ടിയെടുക്കാൻ സാധിക്കാത്തത് ആ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. പകുതി കൽപം സുഖത്തിന്റെ സമ്പത്ത് ഉണ്ടായിരിക്കും. ബാബ മനസ്സിലാക്കിത്തരുന്നു മധുര മധുരമായ കുട്ടികളേ, പകുതി കൽപത്തേക്കാളും കൂടുതൽ സുഖം നിങ്ങൾ അനുഭവിക്കുന്നു. പിന്നീട് രാവണ രാജ്യം ആരംഭിക്കുന്നു. ക്ഷേത്രങ്ങളും അങ്ങനെയാണ്. ചിത്രങ്ങൾ കാണിക്കുന്നുണ്ട്, ദേവതകൾ വാമ മാർഗ്ഗത്തിലേക്ക് എങ്ങനെയാണ് പോകുന്നത്. വസ്ത്രം അത് തന്നെയാണ്. വസ്ത്രം പിന്നീട് മാറുന്നു. ഓരോ രാജാവിനും അവനവന്റെ വസ്ത്രം, കിരീടം മുതലായവ എല്ലാം വേറെ വേറെയായിരിക്കും.

ഇപ്പോൾ കുട്ടികൾക്കറിയാം നമ്മൾ ബ്രഹ്മാവിലൂടെ ശിവബാബയിൽ നിന്നും സമ്പത്ത് എടുക്കുകയാണ് ബാബയാണെങ്കിൽ കുട്ടികളേ, കുട്ടികളേ എന്ന് തന്നെയാണ് പറയുന്നത്. കുട്ടികളേ, നിങ്ങൾ തന്റെ ജന്മത്തേക്കുറിച്ച് അറിയുന്നില്ല. കേൾക്കുന്നത് ആത്മാവല്ലേ. നമ്മൾ ആത്മാവാണ്, ശരീരമല്ല. വേറെ ഏതെല്ലാം മനുഷ്യരുണ്ടോ അവർക്ക് തന്റെ ശരീരത്തിന്റെ പേരിന്റെ ലഹരിയാണ്. എന്തുകൊണ്ടെന്നാൽ ദേഹാഭിമാനികളാണ്. നമ്മൾ ആത്മാവാണ് എന്നത് അറിയുന്നേയില്ല. അവരാണെങ്കിൽ ആത്മാവ് തന്നെയാണ് പരമാത്മാ, പരമാത്മാവ് തന്നെയാണ് ആത്മാവെന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾക്ക് ബാബ മനസ്സിലാക്കി

ത്തന്നു നിങ്ങൾ ആത്മാവാണ്. വിശ്വത്തിന്റെ അധികാരിയും ദേവീ ദേവതകളുമായി മാറുകയാണ്. ഈ ജ്ഞാനം ഇപ്പോഴുണ്ട്, നമ്മൾ തന്നെയാണ് ദേവതകളായി പിന്നീട് ക്ഷത്രിയ കുലത്തിലേക്ക് വരുന്നത്. 84 ജന്മങ്ങളുടെ കണക്കും വേണമല്ലോ. എല്ലാവരുമൊന്നും 84 ജന്മങ്ങൾ എടുക്കുന്നില്ല. എല്ലാവരും ഒരുമിച്ച് വരുന്നില്ല. നിങ്ങൾക്കറിയാം ഏത് ധർമ്മം എങ്ങനെയാണ് വന്നുകൊണ്ടിരിക്കുന്നത്. ചരിത്രം പഴയതും പിന്നീട് പുതിയതുമായികൊണ്ടിരിക്കുന്നു. ഇപ്പോൾ ഇത് പതിതമായ ലോകം തന്നെയാണ്. പിന്നീട് മറ്റെല്ലാ ധർമ്മങ്ങളും വരുന്നു, ഇവിടെ കർമ്മക്ഷേത്രത്തിൽ ഈ ഒരേയൊരു നാടകമാണ് നടക്കുന്നത്. ഈ സംഗമത്തിൽ ബാബ വന്ന് ബ്രാഹ്മണ സമ്പ്രദായം സ്ഥാപിക്കുന്നു. വിരാട രൂപത്തിന്റെ ചിത്രമുണ്ടാക്കുന്നു, എന്നാൽ അതിൽ ഈ തെറ്റുണ്ട്. ബാബ വന്ന് എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തന്ന് മറവിയില്ലാത്തവരായി മാറ്റുന്നു. ബാബയാണെങ്കിൽ ഒരിക്കലും ശരീരത്തിൽ വരുന്നില്ല, തെറ്റും ചെയ്യുന്നില്ല. ബാബയാണെങ്കിൽ കുറച്ച് സമയത്തേക്ക് വേണ്ടി നിങ്ങൾ കുട്ടികൾക്ക് സുഖധാമത്തിന്റെ ഒപ്പം തന്റെ വീട്ടിലേക്കുള്ള വഴി പറഞ്ഞു തരുന്നതിന് വേണ്ടിയാണ് ഇവരുടെ രഥത്തിൽ വരുന്നത്. വഴി മാത്രമല്ല പറഞ്ഞു തരുന്നത് ഒപ്പം ജീവിതവും സുഖകരമാക്കുന്നു. കൽപ കൽപം നിങ്ങൾ വീട്ടിലേക്ക് പോകുന്നു പിന്നീട് സുഖത്തിന്റെ പാർട്ടും അഭിനയിക്കുന്നു. കുട്ടികൾ മറന്നു പോയിക്കുകയാണ് – നമ്മൾ ആത്മാക്കളുടെ സ്വധർമ്മം തന്നെ ശാന്തിയാണ്. ഈ ദുഖത്തിന്റെ ലോകത്തിൽ ശാന്തിയെങ്ങനെയാണുണ്ടാവുക – എല്ലാ കാര്യങ്ങളും നിങ്ങൾ മനസ്സിലാക്കി കഴിഞ്ഞു. നിങ്ങൾ എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കുന്നുമുണ്ട്. പതുക്കെപ്പതുക്കെ എല്ലാവരും വരും, വിദേശത്തുള്ളവർക്കും അറിയാൻ കഴിയും – ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഇതിന്റെ ആയുസ്സ് എത്രയാണ്. വിദേശികളും നിങ്ങളുടെയടുത്തേക്ക് വരും അല്ലെങ്കിൽ കുട്ടികൾ അവിടെപ്പോയി സൃഷ്ടി ചക്രത്തിന്റെ രഹസ്യം മനസ്സിലാക്കിക്കൊടുക്കും. അവർ മനസ്സിലാക്കുന്നു, ക്രിസ്തു ദൈവത്തിന്റെ അടുത്ത് ചെന്നെത്തിയെന്ന്. ക്രിസ്തുവിനെ ദൈവപുത്രൻ എന്ന് മനസ്സിലാക്കുന്നു. ചിലർ പിന്നെ ഇത് മനസ്സിലാക്കുന്നു, ക്രിസ്തു പുനർജന്മം എടുത്തെടുത്ത് ഇപ്പോൾ യാചകനായി മാറിയിരിക്കുന്നു. നിങ്ങളും യാചകരല്ലേ. യാചകൻ അർത്ഥം തമോപ്രധാനം. മനസ്സിലാക്കുന്നു ക്രിസ്തുവും ഇവിടെയാണ്, പിന്നീട് എപ്പോൾ വരും, ഇതറിയുകയില്ല. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും – നിങ്ങളുടെ ധർമ്മ സ്ഥാപകൻ പിന്നീട് തന്റെ സമയത്ത് ധർമ്മം സ്ഥാപിക്കുന്നതിന് വേണ്ടി വരും. ക്രിസ്തുവിനെ ഗുരുവെന്ന് പറയാൻ സാധിക്കില്ല. അദ്ദേഹം ധർമ്മം സ്ഥാപിക്കാനാണ് വരുന്നത്. സദ്ഗതി ദാതാവ് കേവലം ഒന്നു മാത്രമാണ്, അവർ ഏതെല്ലാം ധർമ്മം സ്ഥാപിക്കാനാണോ വരുന്നത് അവരെല്ലാവരും പുനർജന്മം എടുത്തെടുത്ത് ഇപ്പോൾ തമോപ്രധാനമായി മാറിയിരിക്കുന്നു. അവസാനം മുഴുവൻ വൃക്ഷവും ജീർണ്ണാവസ്ഥയിലെത്തിയിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾക്കറിയാം – മുഴുവൻ വൃക്ഷവും നിൽക്കുകയാണ്, ബാക്കി ദേവീ ദേവതാ ധർമ്മത്തിന്റെ അടിത്തറയാണ് ഇല്ലാത്തത്. (ആൽവൃക്ഷത്തിന്റെ ഉദാഹരണം) ഈ കാര്യങ്ങൾ ബാബ തന്നെയാണ് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾ കുട്ടികൾക്കാണെങ്കിൽ വളരെ സന്തോഷമുണ്ടായിരിക്കും. നിങ്ങൾക്ക് മനസ്സിലായിക്കഴിഞ്ഞു പിന്നീട് ഇപ്പോൾ ആയിത്തീരുന്നു. ഇവിടെ നിങ്ങൾ വരുന്നത് തന്നെ സത്യനാരായണന്റെ കഥ കേൾക്കാനാണ്, ഏതിലൂടെയാണോ നരനിൽ നിന്നും നാരായണനായി മാറുന്നത്. നാരായണനായി മാറിയാൽ പിന്നെ തീർച്ചയായും ലക്ഷ്മിയും ഉണ്ടായിരിക്കും. ലക്ഷ്മീ നാരായണനുണ്ടെങ്കിൽ തീർച്ചയായും അവരുടെ രാജധാനിയുമുണ്ടായിരിക്കും. ഒറ്റക്ക് ലക്ഷ്മീ നാരായണനായി മാറില്ല. ലക്ഷ്മിയായി മാറുന്നതിന്റെ വേറെ കഥയൊന്നുമില്ല. നാരായണനോടൊപ്പം ലക്ഷ്മിയുമായി മാറുന്നു. ലക്ഷ്മിയും ചിലപ്പോൾ നാരായണനായി മാറുന്നു. നാരായണനും പിന്നീട് ചിലപ്പോൾ ലക്ഷ്മിയായി മാറും. ചില ചില ഗീതങ്ങൾ വളരെ നല്ലതാണ്. മായയുടെ കൊടുങ്കാറ്റ് വരുമ്പോൾ ഗീതം കേൾക്കുന്നതിലൂടെ സന്തോഷമുണ്ടാകും. ഏതുപോലെയാണോ നീന്തൽ പഠിക്കണമെങ്കിൽ ആദ്യം ബുദ്ധിമുട്ടുകൾ വരും പിന്നീട് പഠിക്കും. ഇവിടെയാണെങ്കിൽ പോലും മായയുടെ വിഘ്നങ്ങൾ ഒരുപാടുണ്ട്. നീന്തുന്നവർ ഒരുപാടുണ്ടായിരിക്കും. അവരുടെയും മത്സരമുണ്ടാകുന്നുണ്ട്. അതുപോലെ അക്കരെ പോകുന്നതിനായി നിങ്ങളുടെയും മത്സരമുണ്ടാകുന്നുണ്ട്. ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കണം. ഓർമ്മിക്കുന്നില്ലായെന്നുണ്ടെങ്കിൽ വിഘ്നങ്ങൾ വരുന്നു. ബാബ പറയുന്നു ഓർമ്മയുടെ യാത്രയിലൂടെ തന്നെ തോണി അക്കരെ എത്തുന്നു. നിങ്ങൾ അക്കരെ എത്തും. നീന്തൽക്കാർ ചിലർ വളരെ ശക്തിശാലികളായിരിക്കും, ചിലർ കുറവും. ഇവിടെയും ഇങ്ങനെയാണ്. ബാബയുടെയടുത്ത് ചാർട്ടയക്കുന്നുണ്ട്. ബാബ പരിശോധിക്കും. ഓർമ്മയുടെ ചാർട്ടിനെ ഇവർ ശരിയായ രീതിയിലാണോ മനസ്സിലാക്കുന്നത് അതോ തെറ്റായാണോ മനസ്സിലാക്കുന്നത്. ചിലർ കാണിക്കുന്നുണ്ട് – ഞങ്ങൾ മുഴുവൻ ദിവസം 5 മണിക്കൂർ ഓർമ്മയിലിരുന്നു. ഞാൻ വിശ്വസിക്കുന്നില്ല, തീർച്ചയായും തെറ്റ് പറ്റിയിട്ടുണ്ട്. ചിലർ മനസ്സിലാക്കുന്നു. നമ്മൾ എത്ര സമയം ഇവിടെ പഠിക്കുന്നു അത്രയും സമയമാണെങ്കിൽ ചാർട്ട് ശരിയായിരിക്കും. എന്നാൽ അല്ല. ഒരുപാട് പേരുണ്ട് ഇവിടെ ഇരിക്കുമ്പോഴും കേട്ടുകൊണ്ടും ബുദ്ധി പുറമേ എവിടെയെല്ലാം പോകുന്നു. പൂർണ്ണമായി കേൾക്കുന്നുമില്ല. ഭക്തിമാർഗ്ഗത്തിൽ ഇങ്ങനെയെല്ലാം സംഭവിക്കുന്നു. സന്യാസികൾ കഥ

കേൾപ്പിക്കാറുണ്ട്. പിന്നീട് ഇടക്കിടക്ക് ചോദിക്കും ഞാനെന്താണ് കേൾപ്പിച്ചത്? കാണുന്നുണ്ട് ഇവർ ദോശക്കല്ലിൽ വെള്ളമൊഴിച്ച പോലെയാണിരിക്കുന്നത്. പിന്നീട് ചോദിക്കുമ്പോൾ പറയാൻ സാധിക്കില്ല. ബുദ്ധി എവിടേക്കെങ്കിലും പോകുന്നു. ഒരക്ഷരം പോലും കേൾക്കുന്നില്ല. ഇവിടെയും ഇങ്ങനെയാണ്. ബാബ കണ്ടുകൊണ്ടേയിരിക്കുന്നു – മനസ്സിലാക്കാൻ സാധിക്കും ഇവരുടെ ബുദ്ധി എവിടെയോ പുറമേ അലഞ്ഞു കൊണ്ടിരിക്കുന്നുണ്ട്. അവിടെയും ഇവിടെയും നോക്കികൊണ്ടേയിരിക്കുന്നു. അങ്ങനെയും ചില പുതിയവർ വരുന്നു. ബാബ മനസ്സിലാക്കുന്നു പൂർണ്ണമായും മനസ്സിലാക്കിയിട്ടില്ല. അതിനാൽ ബാബ പറയുന്നു പുതിയവരെ പെട്ടെന്ന് ഇവിടെ ക്ലാസ്സിൽ വരാനുള്ള അനുവാദം കൊടുക്കാതിരിക്കൂ. ഇല്ലെങ്കിൽ അന്തരീക്ഷത്തെ മോശമാക്കുന്നു. മുന്നോട്ട് പോകുമ്പോൾ നിങ്ങൾ കാണും ആരാണോ നല്ല നല്ല കുട്ടികൾ അവർ ഇവിടെ ഇരിക്കുമ്പോൾ തന്നെ വൈകുണ്ഠത്തിലേക്ക് പോകും. വളരെ സന്തോഷം ഉണ്ടായിക്കൊണ്ടേയിരിക്കും. ഇടക്കിടക്ക് പൊയ്ക്കൊണ്ടേയിരിക്കും – ഇപ്പോൾ സമയം തൊട്ടടുത്താണ്. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് നിങ്ങളുടെ അവസ്ഥ അങ്ങനെയാകും. ഇടക്കിടക്ക് സ്വർഗ്ഗത്തിൽ തന്റെ കൊട്ടാരം കണ്ടുകൊണ്ടേയിരിക്കും. ഏതെല്ലാം പറയണമോ ചെയ്യണമോ അതിന്റെ സാക്ഷാത്ക്കാരം ഉണ്ടായിക്കൊണ്ടേയിരിക്കും. സമയം കാണുന്നുണ്ടല്ലോ. എങ്ങനെയാണ് തയ്യാറുടുപ്പുകൾ നടന്നുകൊണ്ടിക്കുന്നത്. ബാബ പറയുകയാണ് നിങ്ങൾ നോക്കൂ എങ്ങനെയാണ് ഒരു സെക്കന്റിൽ മുഴുവൻ ലോകത്തിലെ മനുഷ്യരും മണ്ണിനോട് ചേരുന്നത്. ബോംബിട്ടു എല്ലാം അവസാനിച്ചു.

നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ നമുടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴാണെങ്കിൽ ഓർമ്മയുടെ യാത്രയിൽ മുഴുകിയിരിക്കണം. ആ ശക്തി നിറയ്ക്കണം, അതിലൂടെ ആർക്കെങ്കിലും ദൃഷ്ടിയിലൂടെ അമ്പ് തറയ്ക്കണം. അവസാനം ഭീഷ്മ പിതാമഹൻ മുതലായവർക്ക് നിങ്ങൾ തന്നെയാണ് ജ്ഞാനത്തിന്റെ അമ്പ് തൊടുത്തു വിട്ടത്. പെട്ടെന്ന് മനസ്സിലാവും, ഇത് സത്യമാണെന്ന് പറയും. ജ്ഞാനത്തിന്റെ സാഗരനും പതീതപാവനനും നിരാകാരനുമായ ഭഗവാന് കൃഷ്ണനാകാൻ സാധിക്കില്ല. കൃഷ്ണന്റെ ജന്മം കാണിക്കുന്നുണ്ട്. കൃഷ്ണന്റെ അതേ രൂപം പിന്നീടൊരിക്കലും ലഭിക്കില്ല. പിന്നീട് സത്യയുഗത്തിൽ അതേ രൂപം ലഭിക്കും. ഓരോ ജന്മത്തിലും ഓരോരുത്തരുടെയും രൂപം വ്യത്യസ്തമായിരിക്കും. ഈ ഡ്രാമയുടെ ഭാഗം ഇങ്ങനെയുണ്ടാക്കിയിട്ടുള്ളതാണ്. അവിടെയാണെങ്കിൽ പ്രകൃതിദത്തമായ സുന്ദരമായ രൂപമായിരിക്കും. ഇപ്പോഴാണെങ്കിൽ ദിവസം തോറും ശരീരവും തമോപ്രധാനമായി മാറിക്കൊണ്ടിരിക്കുന്നു. ആദ്യമാദ്യം സതോപ്രധാനം. പിന്നീട് സതോ, രജോ, തമോ ആയി മാറുന്നു. ഇവിടെ നോക്കൂ എങ്ങനെയെങ്ങനെയാണ് കുട്ടികൾ ജന്മമെടുക്കുന്നത്. ചിലരുടെയാണെങ്കിൽ കാലുകൾ ചലിക്കില്ല. ചിലർ അംഗവൈകല്യമുള്ളവരായിരിക്കും, എന്തെല്ലാം സംഭവിക്കുന്നു. സത്യയുഗത്തിൽ ഇങ്ങനെയൊന്നും ഉണ്ടായിരിക്കില്ല. അവിടെ ദേവതകൾക്ക് താടി മുതലായവ ഉണ്ടായിരിക്കില്ല. ക്ലീൻ ഷേവായിരിക്കും. കണ്ണുകളിലൂടെയും മുഖത്തിലൂടെയും അറിയാൻ സാധിക്കും ഇവർ പുരുഷനാണ് ഇവർ സ്ത്രീയാണ്. മുന്നോട്ട് പോകുമ്പോൾ നിങ്ങൾക്ക് ഒരുപാട് സാക്ഷാത്ക്കാരങ്ങൾ ഉണ്ടായികൊണ്ടിരിക്കും. നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം ബാബ കൽപ കൽപം വന്ന് രാജയോഗം പഠിപ്പിച്ച് മനുഷ്യനിൽ നിന്ന് ദേവതയാക്കി മാറ്റുന്നു. ഇതും നിങ്ങൾ കുട്ടികൾക്കറിയാം വേറെ ഏതെല്ലാം ധർമ്മത്തിലുള്ളവരുണ്ടോ എല്ലാവരും അവനവന്റെ സെക്ഷനിലേക്ക് പോകും. ആത്മാക്കളുടെ വൃക്ഷം കാണിക്കുന്നുണ്ടല്ലോ. ചിത്രങ്ങളിൽ ഒരുപാട് തിരുത്തി മാറ്റിക്കൊണ്ടേയിരിക്കും. ബാബ സൂക്ഷ്മവതനത്തെക്കുറിച്ച് മനസ്സിലാക്കിത്തരുമ്പോൾ, സംശയബുദ്ധിയുള്ളവർ പറയും, ഇതെന്താണ്! മുമ്പ് ഇങ്ങനെ പറയുമായിരുന്നു, ഇപ്പോൾ ഇങ്ങനെ പറയുന്നു. ലക്ഷ്മീ നാരായണന്റെ രണ്ട് രൂപത്തേയും ചേർത്ത് വിഷ്ണുവെന്ന് പറയുന്നു. ബാക്കി നാലു കൈകളുള്ള മനുഷ്യരൊന്നും ഉണ്ടായിരിക്കുകയില്ലല്ലോ. രാവണന്റെ 10 തല കാണിക്കുന്നുണ്ട്. ഇങ്ങനെയൊരു മനുഷ്യനുമില്ല. ഓരോ വർഷവും ഇരുന്ന് കത്തിക്കുന്നു, പാവകളി പോലെ.

മനുഷ്യർ പറയുന്നു – ശാസ്ത്രങ്ങളില്ലാതെ നമുക്ക് ജീവിക്കാൻ സാധിക്കില്ല. ശാസ്ത്രങ്ങൾ നമ്മുടെ പ്രാണനാണ്. ഗീതക്ക് നോക്കൂ എത്ര അംഗീകാരമാണ്. ഇവിടെയാണെങ്കിൽ നോക്കൂ നിങ്ങളുടെയടുത്ത് മുരളികളുടെ വളരെയധികം കൂമ്പാരമുണ്ടാകുന്നു. നിങ്ങൾ വെച്ചിട്ടെന്ത് ചെയ്യും. ദിനംതോറും നിങ്ങൾ പുതിയ പുതിയ പോയിന്റുകൾ കേട്ടുകൊണ്ടിരിക്കുന്നു. അതേ പോയിന്റുകൾ നോട്ട് ചെയ്യുന്നത് നല്ലതാണ്. പ്രഭാഷണം ചെയ്യുന്ന സമയം റിഹേഴ്സൽ ചെയ്യും ഈ വക പോയിന്റുകൾ മനസ്സിലാക്കി കൊടുക്കാം. ടോപ്പിക്കുകളുടെ ലിസ്റ്റുണ്ടായിരിക്കും. ഇന്ന് ഈ ടോപ്പിക്കിൽ മനസ്സിലാക്കിക്കൊടുക്കാം. രാവണനാരാണ്, രാമനാരാണ്? സത്യമെന്താണ്, അത് ഞങ്ങൾ നിങ്ങൾക്ക് പറഞ്ഞു തരികയാണ്. ഈ സമയം രാവണരാജ്യം മുഴുവൻ ലോകത്തിലുമുണ്ട്. 5 വികാരങ്ങളാണെങ്കിൽ എല്ലാവരിലുമുണ്ട്. ബാബ വന്ന് വീണ്ടും രാമ രാജ്യത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഇത് ജയത്തിന്റെയും തോൽവിയുടെയും കളി

യാണ്. തോൽവി എങ്ങനെയാണ് സംഭവിക്കുന്നത്! 5 വികാരങ്ങളാകുന്ന രാവണനിലൂടെ. മുമ്പ് പവിത്രമായ ഗൃഹസ്ഥാശ്രമമായിരിന്നു, അതിപ്പോൾ പതീതമായി മാറിക്കഴിഞ്ഞു. ലക്ഷ്മീ നാരായണൻ തന്നെയാണ് പിന്നീട് ബ്രഹ്മാവും സരസ്വതിയുമാകുന്നത്. ബാബയും പറയുന്നു ഞാൻ ഇവരുടെ ഒരുപാട് ജന്മങ്ങളുടെ അവസാനമാണ് പ്രവേശിക്കുന്നത്. നിങ്ങൾ പറയും ഞങ്ങളും ഒരുപാട് ജന്മങ്ങളുടെ അവസാനമാണ് ബാബയിൽ നിന്ന് ജ്ഞാനം എടുക്കുന്നത്. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ചിലരുടേത് തുച്ഛ ബുദ്ധിയാണെങ്കിൽ മനസ്സിലാക്കുന്നേയില്ല. ഇതാണെങ്കിൽ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഒരുപാട് പേർ വന്നു പിന്നീട് പോയി, അവർ പിന്നീട് വരും. പ്രജയിൽ കാലണക്ക് തുല്യമായ പദവി പ്രാപ്തമാക്കും. അതും വേണമല്ലോ. ശരി!

### ധാരണക്കുള്ള മുഖ്യ സാരം:-

1. സദാ ഈ ലഹരിയിലിരിക്കണം നമ്മൾ ഇപ്പോൾ ഈ പഠിപ്പ് പൂർത്തിയാക്കി മനുഷ്യനിൽ നിന്ന് ദേവതയും വിശ്വത്തിന്റെ അധികാരിയുമായി മാറും. നമുടെ രാജ്യത്തിൽ പവിത്ര - സുഖം - ശാന്തി എല്ലാം ഉണ്ടായിരിക്കും. അതിനെ ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല.

2. ഇക്കരെ നിന്ന് അക്കരെ പോകുന്നതിന് വേണ്ടി ഓർമ്മയുടെ യാത്രയിൽ നല്ല നീന്തൽക്കാരനായി മാറണം. മായയുടെ അടി ഏൽക്കരുത്. സ്വയത്തെ പരിശോധിക്കണം, ഓർമ്മയുടെ ചാർട്ടിനെ യഥാർത്ഥമാണെന്ന് മനസ്സിലാക്കി എഴുതണം.

## വരദാനം- പുരുഷാർത്ഥത്തിന്റെയും പ്രാലബ്ധത്തിന്റെയും കണക്കുകളെ അറിഞ്ഞ് തീവ്രഗതിയിൽ മുന്നേറുന്ന നോളജ്ഫുൾ ആയി ഭവിക്കട്ടെ.

പുരുഷാർത്ഥത്തിലൂടെ നീണ്ടകാലത്തേക്കുള്ള പ്രാലബ്ധം ഉണ്ടാക്കാനുള്ള സമയം ഇതാണ്.അതിനാൽ നോളജ്ഫുൾ ആയി തീവ്രഗതിയിൽ മുന്നോട്ടുപോകൂ.ഇക്കാര്യത്തിൽ ഇന്നല്ലെങ്കിൽ മാറ്റം വരും എന്ന് ചിന്തിച്ചിരിക്കരുത്.അങ്ങിനെ ചിന്തിക്കുന്നതിനെയാണ് അശ്രദ്ധ എന്ന് പറയുന്നത്.ബാപ്ദാദ ഇതുവരേക്കും സ്നേഹസാഗരനായി മാറി സർവ്വസംബന്ധങ്ങളുടേയും സ്നേഹത്താൽ കുട്ടികളുടെ അശ്രദ്ധയും സാധാരണപുരുഷാർത്ഥത്തെയും കണ്ടിട്ടും കേട്ടിട്ടും എക്സ്ട്രാ സഹായം നൽകിയും എക്സ്ട്രാ മാർക്കുകൾ നൽകിയും മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്.അതിനാൽ ജ്ഞാനയുക്തരായി മാറി ധൈര്യത്തിന്റേയും സഹായത്തിന്റേയും വിശേഷവരദാനത്തിന്റെ ലാഭം എടുക്കൂ.

## സ്ലോഗൻ-പ്രകൃതിയുടെ ദാസരാകുന്നവരാണ് ഉദാസരാകുന്നത്.അതിനാൽ പ്രകൃതിജീത് ആയി മാറൂ.

**അവ്യക്തസൂചന-സഹജയോഗിയായി മാറണമെങ്കിൽ പരമാത്മാസ്നേഹത്തിന്റെ അനുഭവിയായി മാറൂ..** എങ്ങിനെയാണോ സാഗരത്തിൽ മുങ്ങുമ്പോൾ സാഗരമല്ലാതെ മറ്റൊന്നും കാണാൻ കഴിയാത്തത് അതുപോലെ ബാബ അഥവാ സർവ്വഗുണങ്ങളുടേയും സാഗരത്തിൽ അലിഞ്ഞുചേരുക.ഇതിനെയാണ് ലവ്ലീനസ്ഥിതി എന്ന് പറയുന്നത് .ബാബയിലല്ല,ബാബയുടെ ഓർമ്മയിലും ബാബയോടുള്ള സ്നേഹത്തിലുമാണ് അലിഞ്ഞുചേരേണ്ടത്.